(ബി) കൂടുതൽ പൊതുജനസഹായം നൽകുന്ന പ്രദേശത്തു് കൂടുതൽ ജോലികൾ എടുത്തു നടത്തുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇല്ല.

(ബി) നടത്താം. പഞ്ചായത്തുകളുടെ ആവശ്യാനുസരണം, പൊതുജനസഹായം ലഭിക്കുന്നതനുസരിച്ചു്, ജോലികൾ നടത്തിവരുന്നുണ്ടു്.

ഡാക്ടർമാരുടെ നിയമനം.

461. [40] ശ്രീ. ടി. ഒ. ബാവ: താഴെ പറയുന്ന ചോദ്യത്തിനു ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ആശുപത്രികളിൽ ഡാക്ടർമാരെ നിയമിക്കുന്നതു് രോഗികളുടെ എണ്ണത്തെ പരിഗണിച്ചിട്ടാണോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

രോഗികളുടെ എണ്ണത്തിനേയും, ഡിപ്പാർട്ടുമെന്റിൽ ആകെയുള്ള ഡാക്ടർമാരുടെ എണ്ണത്തിനേയും ആശുപത്രികളിലുള്ള സാമഗ്രികളെയും ആശ്രയിച്ചാണു് ഡാക്ടർമാരെ ആശുപത്രികളിൽ നിയമിക്കുന്നതു്.

മൃഗാശുപത്രികളിലേക്കു് മരുന്നു് എത്തിക്കുവാനുള്ള ചെലവു്.

462. [41] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റോറിലെ മൃഗാശുപത്രികളിലേക്കു് മരുന്നു് എത്തിക്കുവാനുള്ള ടി. എ. ഇനത്തിൽ കഴിഞ്ഞകൊല്ലം എന്തു തുക ചെലവായി;

(ബി) ഈ ഇനത്തിലുള്ള ചെലവു് ലഘൂകരിക്കുന്നതിനു് ഒരു വാൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഒന്നും ചെലവായില്ല.

(ബി) ഇല്ലാ.

മൃഗസംരക്ഷണ പ്രവർത്തനങ്ങൾ.

463. [43] ശ്രീ. എം. പി. മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്കായി രണ്ടാംപഞ്ചവത്സര പദ്ധതിയിൽ എന്തു പദ്ധതികളാണു് ഈ ഗവണ്മെന്റു് ശുപാർശ ചെയ്തിട്ടുള്ളതു്;

(ബി) ഓരോ പഞ്ചായത്തിലും ഓരോ മൃഗാശുപത്രി സ്ഥാപിക്കാൻ ഗവണ്മെന്റു് സത്വര നടപടികളെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly